**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1490** **11-09-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ സ്കൂൾ കെട്ടിട നിർമ്മാണത്തിന് കിഫ്ബി മുഖേന തുക അനുവദിച്ച സ്കൂളുകളുടെ വിശദവിവരങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; | (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന സ്കൂളുകളിലാണ് നിർമ്മാണം നടക്കുന്നത്.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ നെടുവ ഗവ.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ പുതുപ്പറമ്പ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.യു.പി.എസ്.ക്ലാരി സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതി ലഭിച്ചു. Sub Project Revision ന് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു.<br><br>നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.എം.യു.പി.എസ്. വെണ്ണിയൂർ സ്കൂളിന്റെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| | | | നിർവ്വഹണ ഏജൻസിയായി കിലയെ ചുമതലപ്പെടുത്തിയ ജി.വി.എച്ച്. എസ്.എസ്.ചെട്ടിയാൻ കിണർ സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് നിശ്ചയിച്ചിരിക്കുന്ന സ്ഥലത്തിന് പകരം മറ്റൊരു സ്ഥലം കണ്ടെത്ത മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതലപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. തൃക്കുളം സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി. ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>ജി.എച്ച്.എസ്.എസ്.തിരൂരങ്ങാടി സ്കൂളിന്റെ നിർവ്വഹണ ഏജൻസിയായി കൈറ്റിനെ ചുമതല പ്പെടുത്തിയിരുന്നെങ്കിലും പിന്നീട് കിറ്റ്കോയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ കിറ്റ്കോ സ്വീകരിച്ചു വരുന്നുണ്ട്.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട് താഴെപ്പറയുന്ന 3 സ്കൂളുകൾക്കാണ് ഭരണാനുമത നൽകിയിട്ടുള്ളത് . നിർവ്വഹണ ഏജൻസിയായ കിലയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.<br><br>ജി.എം.എൽ.പി.എസ്.ചെറുമുക്ക്, ജി.എം.യു.പി.എസ്.കൊടിഞ്ഞി, ജി.എം.യു.പി.എസ്. കക്കാട് എന്നീ 3 സ്കൂളുകൾക്കും KMBR/KPBR/കവറേജ് പ്രശ്നം ഉള്ളതായി ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇത് പരിഹരിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞു വരുന്നു. |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (ബി) | മറുപടി 'എ ' പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂരങ്ങാടി മണ്ഡലത്തിലെ ക്ലാരി ജി.യു.പി.സ്കൂൾ, വെന്നിയൂർ ജി.എം. യു.പി. സ്കൂൾ എന്നിവയുടെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്നും പ്രസ്തുത പ്രവൃത്തികൾ വൈകുന്നതിന്റെ കാരണമെന്താണെന്നും അറിയിക്കാമോ; | (സി) | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ക്ലാരി ജി.യു.പി.സ്കൂൾ, വെന്നിയൂർ ജി.എം.യു.പി.സ്കൂൾ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് 3 കോടി കിഫ്ബി ഫണ്ട് അനുവദിച്ചിരുന്നു. പുതുക്കിയ DSR/GST നിരക്ക് പ്രാബല്യത്തിൽ വന്നതിന്റെ ഭാഗമായി 3.90 കോടി രൂപയായി പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട് . ഇതനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതായി വന്നു. |
| (ഡി) | പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഇനി | (ഡി) | നിർവ്വഹണ ഏജൻസിയായി കിലയെ |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ഏതാണെന്നും ഈ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | | ചുമതലപ്പെടുത്തിയ പ്രസ്തുത സ്കൂളുകളിൽ ജി.യു.പി.എസ്.ക്ലാരി സ്കൂളിന്റെ ഡിപിആർ കിഫ്ബി അംഗീകരിക്കുകയും സാങ്കേതിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. Sub Project Revision ന് വേണ്ടി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു.ജി.എം.യു.പി.എസ്. വെണ്ണിയൂർ സ്കൂളിന്റെ ഡിപിആർ കിഫ്ബിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ